IV സബ്മിഷൻ

(1) മാർ ഗ്രിഗോറിയസ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോളേജ് പൂട്ടിയതിനെത്തുടർന്ന് വിദ്യാർത്ഥികളെ റി-ഡിപ്ലോയ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്

ശ്രീമതി മേഴ്സി രവി : സർ, ഇന്ന് ഞാൻ സഭയിൽ ഉന്നയിക്കുവാൻ ആഗ്രഹിക്കുന്നത് കോടിമതയുള്ള മാർഗ്രിഗോറിയസ് എഞ്ചിനീയറിംഗ് കോളേജിലെ 157 വിദ്യാർത്ഥികളുടെ പ്രശ്നങ്ങളാണ്. ഈ 157 വിദ്യാർത്ഥികളിൽ അൻപതു ശതമാനവും മെറിറ്റിൽ വന്നവരാണ്. ശേഷിക്കുന്ന അൻപതു ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ കയറിയവരാണ്. എന്നുവച്ചാൽ ലക്ഷങ്ങൾ കൊടുത്ത് സീറ്റ് വാങ്ങിയവരെന്നാണ് അർത്ഥം. അവരോടൊപ്പം കോഴ്സിൽ ചേർന്നവർ രണ്ട് സെമസ്റ്റർ പരീക്ഷ എഴുതിക്കഴിഞ്ഞു. ഇവിടെ ജൂൺ പതിനേഴാം തീയതി തേർഡ് സെമസ്റ്റർ പരീക്ഷ തുടങ്ങുകയാണ്. ഈ കോളേജിൽ ഇതുവരെ ഒരു പരീക്ഷയും നടന്നിട്ടില്ല. അതിന്റെ കാരണമായി പറഞ്ഞത് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഈ കോളേജിന് ഇല്ലായിരുന്നു എന്നാണ്. പരീക്ഷ എഴുതുവാൻ കഴിയാത്ത വിദ്യാർത്ഥികൾ കോടതിയിൽ പോയി. കോടതി ഗവൺമെന്റിനും യൂണിവേഴ്സിറ്റിക്കും ഡയറക്ഷൻ നല്കി. അതിനനുസരിച്ച് കോളേജ് പൂട്ടാനും കുട്ടികളെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് റി-ഡിപ്ലോയ്മെന്റ് നടത്താനും കോടതി നിർദ്ദേശിച്ചു. ജൂൺ 21 ന് പരീക്ഷയാണ്. റി-ഡിപ്ലോയ്മെന്റ് ഇതുവരെ നടന്നിട്ടില്ല. യൂണിവേഴ്സിറ്റി പറയുന്നു, ഗവൺമെന്റ് റി-ഡിപ്ലോയ് ചെയ്യണമെന്ന്. ഡിപ്പാർട്ടുമെന്റ് പറയുന്നു യൂണിവേഴ്സിറ്റി ചെയ്യണമെന്ന്. അങ്ങനെ ഒരു തർക്കം നിലനില്ക്കുകയാണ്. ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കുവാനുണ്ട്. ഇന്ന് ഇപ്പോൾ ടി.സി ചോദിച്ച കുട്ടികളോട് അൻപതിനായിരം രൂപ കൊടുത്താലേ ടി.സി. തരികയുള്ളൂ എന്നു മാനേജ്മെന്റ് പറഞ്ഞു. അതുപോലെ തന്നെ കുട്ടികളുടെ പേഴ്സണൽ ബിലോംഗിംഗ്സും പുസ്തകവും.....

മി. സ്പീക്കർ : സബ്മിഷനാണ്. ഒന്നോ രണ്ടോ വാചകത്തിൽ നിർത്തണം.

ശ്രീമതി മേഴ്സി രവി : ഒന്ന് രണ്ട് പോയിന്റ് പറയാതിരിക്കുവാൻ പറ്റുകയില്ല.

മി. സ്പീക്കർ : അങ്ങനെയാണെങ്കിൽ കാളിംഗ് അറ്റൻഷന് തരണമായിരുന്നു.

ശ്രീമതി മേഴ്സി രവി : ഞാൻ ഇവിടെ ഉന്നയിച്ച ഒരു പ്രശ്നം കൂടിയുണ്ട്. ഗവൺമെന്റ് കോളേജുകളിൽ പോയി അഡ്മിഷൻ കിട്ടിയ കുട്ടികൾ ഇവിടെ ഓവർടേക്ക് ചെയ്ത് കയറിയിട്ടുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ ഇവിടെ ഓപ്ട് ചെയ്തതെന്ന് ഞാൻ അവരോട് ചോദിച്ചു. കാത്തലിക് മാനേജ്മെന്റ് ആണെന്ന ഒരു ധാരണ ഉണ്ടായതുകൊണ്ടാണെന്നാണ് അവർ പറഞ്ഞത്. മാർഗ്രിഗോറിയസ് എന്നുള്ള പേര് കേട്ടപ്പോൾ അവർ വിചാരിച്ചു കാത്തലിക് കോളേജാണെന്ന്. എനിക്ക് അതിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു നിർദ്ദേശമുണ്ട്. നിങ്ങൾ കൊടുക്കുന്ന ബ്രോഷർ വിശ്വസിച്ചാണ് ഈ കുട്ടികൾ അവിടെ വന്നു കയറിയത്. ഈ ബ്രോഷറുകളിൽ മാനേജ്മെന്റിനെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ഉണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അഫിലിയേഷനില്ല,കെട്ടിടങ്ങളില്ല, ഫാക്കൽറ്റി ഇല്ല. ഈ കോളേജുകൾക്ക് 2003-2004 ലേയ്ക്കുള്ള അംഗീകാരം എ.ഐ.സി.ടി.ഇ. കൊടുത്തിരിക്കുകയാണ്. അതിനെക്കുറിച്ചുകൂടി അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, കോട്ടയത്തെ കോടിമത മാർഗ്രിഗോറിയസ് എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ചിടത്തോളം പരാതിയുണ്ടായിരുന്നു. ആ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ഗവൺമെന്റ് അന്വേഷിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ തന്നെ ബ്രോഷറിനെ വിശ്വസിച്ച് ആ കോളേജിൽ അഡ്മിഷൻ വാങ്ങിയ പല വിദ്യാർത്ഥികളും കബളിപ്പിക്കപ്പെട്ടു എന്നുള്ളത് ഒരു വസ്തുതയാണ്. അതിന് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ കിട്ടിയിട്ടില്ല. എ.ഐ.സി.ടി.ഇ. അംഗീകാരം പിൻവലിക്കാൻ തീരുമാനിച്ചു. മൂന്നു കൊല്ലമായി അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊട്ടടുത്തുള്ള കോളേജിൽ പരീക്ഷ എഴുതുവാനുള്ള സംവിധാനം ഉണ്ടാക്കിയത് യൂണിവേഴ്സിറ്റി അംഗീകരിച്ചു. തുടർന്ന് റി-ഡിപ്ലോയ്മെന്റ് എന്നുള്ള നിലയ്ക്ക് വേറെ കോളേജിൽ ചേർത്ത് പഠിപ്പിക്കുവാനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. ഇതാണ് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്. കോളേജുകൾക്ക് എൻ.ഒ.സി., കൊടുക്കേണ്ട സമയത്ത് പാലിക്കേണ്ട നിബന്ധനകളുടെ കൂട്ടത്തിൽ അതിന്റെ സ്റ്റാറ്റസ് എന്താണെന്ന് പരിശോധിക്കുവാനുള്ള സംവിധാനം വേണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വാഗതാർഹമാണ് എന്നുകൂടി അറിയിക്കുന്നു.

(2) മുസ്ലീം ക്രിസ്ത്യൻ പള്ളികളേയും അനുബന്ധ സ്ഥാപനങ്ങളേയും സംബന്ധിച്ച സർവ്വേ

ശ്രീ. മത്തായി ചാക്കോ : കേന്ദ്ര ആഭ്യന്തര വകുപ്പിന് കീഴിലുള്ള സെൻസസ് ഡയറക്ടറേറ്റ് തിരക്കിട്ട് ഒരു സർവ്വേയ്ക്ക് തീരുമാനിച്ചിരിക്കുന്നു. ആ സർവ്വേയിൽ കേരളത്തിലെ മോസ്കുകളെക്കുറിച്ചും പള്ളികളെക്കുറിച്ചുമുള്ള പഠനം എന്നുള്ള ശീർഷകത്തിൽ പതിനൊന്നു പേജുള്ള ഒരു ചോദ്യാവലി തയ്യാറാക്കി കൊടുത്തിരിക്കുന്നു. അതിൽ പള്ളിയും മോസ്കും ഏതു വിഭാഗത്തിന്റേതാണ്, എന്നാണ് സ്ഥാപിച്ചത്, ആരുടെ പേരിലാണ് ; പുനരുദ്ധാരണം നടത്തിയിട്ടുണ്ടോ എത്ര കുടുംബങ്ങളെ ഉൾക്കൊള്ളുന്നുണ്ട് തുടങ്ങിയുള്ള ചോദ്യങ്ങളുണ്ട്. അതുമാത്രമല്ല, ഈ വിഭാഗങ്ങൾക്ക് കീഴിലുള്ള സ്കൂളുകൾ, മന്ദിരങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ എന്നിവയുടെ വിശദാംശം ഉൾക്കൊള്ളുന്ന ഒരു സർവ്വേയും നടത്തുന്നുണ്ട്. ഈ സർവ്വേ നിർദ്ദേശം ന്യൂനപക്ഷങ്ങൾക്കിടയിൽ ഭീതി പടർത്തിയിരിക്കുകയാണ്. മുഴുവൻ മദ്രസ്സകളും അടച്ചു പൂട്ടണമെന്നാണ് ശ്രീ. തൊഗാഡിയയെപ്പോലുള്ളവർ പറയുന്നത് പള്ളി പൊളിക്കണമെന്നുള്ള പരസ്യമായ പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കയാണ്. ഗുജറാത്തിൽ ഇത്തരത്തിലുള്ള ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ നടന്ന കലാപ സംഭവങ്ങളുടെ വെളിച്ചത്തിൽ ഇത്തരം സർവ്വേ ഇവിടെ വന്നതിൽ ആശങ്കയുണ്ട്. അതിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ) : സർ, ഇത് ഇപ്പോൾ വളരെ കോൺട്രവേഴ്സിയായുള്ള ഒരു കാര്യമാണ്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ആഭിമുഖ്യത്തിൽ അത്തരമൊരു സർവ്വേ നടത്തുന്നതായ അറിയിപ്പൊന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ മത വിഭാഗങ്ങളിലുമുള്ള ആരാധനാലയങ്ങളെപ്പറ്റി ഒരു പഠനം നടത്തി സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly